പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *741 3.11.2011-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികളിലെ കാർഷികാഭിരുചി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ: | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്ക് കൃഷിയോട് ആഭിമുഖ്യം ഉണ്ടാക്കുന്നതിന് ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയുടെ ഒരു പ്രധാന ഘടകം വിദ്യാലയങ്ങളിലെ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുകയെന്നതാണ്. പച്ചക്കറി കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികളിൽ ഒരവബോധം സൃഷ്ടിക്കുന്നതോടൊപ്പം കൃഷിപ്പണികളെ കുറിച്ചുള്ള അറിവും വിദ്യാർത്ഥികൾക്കുണ്ടാകുകയെന്നാണ് ഇതിന്റെ ഉദ്ദേശം. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 30 സ്കൂളുകളിൽ സ്കൂൾ പച്ചക്കറിത്തോട്ടം പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) സ്കൂളുകളിലെ കാർഷിക ക്ലബ്ബുകൾക്ക് ഇപ്പോൾ വിത്തും വളവും നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) & (സി) സ്ക്കൂളുകളിൽ നിലവിലുള്ള കാർഷിക ക്ളബുകൾ മുഖേന സ്ക്കൂൾ വളപ്പിൽ പച്ചക്കറിതോട്ടമുണ്ടാക്കുന്നതിന്, പദ്ധതി പ്രകാരം ആനുകൂല്യം നൽകി വരുന്നു. 20 സെന്റ് വിസ്തൃതിയുള്ള തോട്ടമൊരുക്കുന്നതിന് 2500 രൂപ നിരക്കിൽ ധനസഹായം |

| | | |
|---|---|---|
| (സി) | അദ്ധ്യാപകർക്കും തെരഞ്ഞെടുത്ത കുട്ടികൾക്കും പ്രത്യേക പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ? | നൽകുന്നുണ്ട്. പ്രസ്തുത ധനസഹായം കൃഷിക്കാവശ്യമായ വിത്ത്, വളം ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വേണ്ടിയാണ് 2011-12 ൽ പച്ചക്കറി വികസന പദ്ധതി മുഖേന ഇപ്രകാരം 500 സ്ക്കൂളുകൾക്കായി 12.50 ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിന് പുറമേ 125 സ്ക്കൂളുകളിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ഇതിനായി മേൽ സൂചിപ്പിച്ച പദ്ധതിയിൽ 12.50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം നീക്കിവച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനങ്ങളിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്ന പ്രോജക്ട് പ്രകാരം കൊല്ലം ജില്ലയിലെ 350 സ്ക്കൂളുകളിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിന് 8.75 ലക്ഷം രൂപയും വയനാട് ജില്ലയിലെ 250 സ്ക്കൂളുകൾക്ക് 4.6 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 30 സ്കൂളുകളിൽ വിത്തും വളവും വാങ്ങുന്നതിനും പണിക്കൂലിക്കും മറ്റുമായി 100 ശതമാനം സബ്സിഡി നിരക്കിൽ 5000 രൂപയുടെ ധനസഹായം നൽകുന്നുണ്ട്.കൂടാതെ മേൽപറഞ്ഞ 30 സ്കൂളുകളിലെ അദ്ധ്യാപകർക്കും തെരഞ്ഞെടുത്ത കുട്ടികൾക്കും സംസ്ഥാന ഹോർട്ടികർച്ചർ മിഷൻ പ്രത്യേക പരിശീലനവും നൽകിവരുന്നു. |

R.R.B[illegible]

സെക്ഷൻ ഓഫീസർ